## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1175 21.03.2013- ൽ മറുപടിക്കുണ്ടായിരുന്നത്**

### വരൾച്ച ബാധിത പ്രദേശങ്ങളിലെ കുടി വെള്ള ക്ഷാമം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം. ചന്ദ്രൻ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്തെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചതിനു ശേഷം ജില്ലകൾക്ക് എത്ര കോടി രൂപയാണ് സഹായമായി ഇതു വരെ അനുവദിച്ചിട്ടുള്ളത്; | (എ) | സംസ്ഥാനത്തെ വരൾച്ചാ ബാധിത പ്രദേശമായി പ്രഖ്യാപിച്ചതിനു ശേഷം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് സംസ്ഥാനത്തെ എല്ലാ ജില്ലകൾക്കുമായി ആകെ 50.70 കോടി രൂപ (അമ്പതു കോടി എഴുപത് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഓരോ ജില്ലകൾക്കും നൽകിയിട്ടുള്ള സംഖ്യയുടെ കണക്കുകൾ വ്യക്തമാക്കുമോ; | (ബി) | ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | അനുവദിച്ചിരിക്കുന്ന തുക (കോടിയിൽ) |
|---|---|
| തിരുവനന്തപുരം | 5.97 |
| കൊല്ലം | 5.45 |
| പത്തനംതിട്ട | 3.25 |
| ആലപ്പുഴ | 3.86 |
| കോട്ടയം | 3.18 |
| ഇടുക്കി | 2.29 |
| എറണാകുളം | 2.01 |
| തൃശ്ശൂർ | 4.61 |
| പാലക്കാട് | 5.26 |
| മലപ്പുറം | 2.70 |
| കോഴിക്കോട് | 2.57 |
| വയനാട് | 3.73 |
| കണ്ണൂർ | 3.06 |
| കാസർഗോഡ് | 2.76 |
| **ആകെ** | **50.70** |

(സി) വരൾച്ച മൂലം സംസ്ഥാനത്ത് ഏറ്റവുമധികം നാശനഷ്ടമുണ്ടായിട്ടുള്ള ജില്ലകൾ ഏതൊക്കെയെന്നു വ്യക്തമാക്കുമോ;

(ഡി) ഈ ജില്ലകളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് റവന്യൂ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(സി) & (ഡി) വരൾച്ച മൂലം സംസ്ഥാനത്ത് ഏറ്റവുമധികം നാശനഷ്ടമുണ്ടായിട്ടുള്ള ജില്ലകൾ കൊല്ലം, തിരുവനന്തപുരം, പാലക്കാട്, തൃശ്ശൂർ, പത്തനംതിട്ട, മലപ്പുറം, ഇടുക്കി എന്നിവയാണ്. ടി ജില്ലകളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് റവന്യൂ വകുപ്പ് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| ജില്ല | സ്വീകരിച്ച നടപടികൾ |
|---|---|
| തിരുവനന്തപുരം | കുടിവെള്ള ക്ഷാമം അതിരൂക്ഷമായ സ്ഥലങ്ങളിൽ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ തഹസിൽദാർ മുഖേന കുടിവെള്ള വിതരണം നടത്തി വരുന്നു. |
| കൊല്ലം | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ജില്ലയ്ക്ക് അനുവദിച്ച തുക ഉപയോഗിച്ച് കുടിവെള്ള വിതരണം നടത്തുന്നതിനും താരതമ്യേന ചെറിയ തുക ചെലവു വരുന്ന പ്രവർത്തനങ്ങൾക്ക് ഭൂജല വകുപ്പ്, വാട്ടർ അതോറിറ്റി എന്നീ വകുപ്പുകൾക്ക് ഭരണാനുമതി നൽകുകയും ചെയ്തു. പൊതു കിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുന്നതിനും സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| പത്തനംതിട്ട | കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ വിവിധ പദ്ധതികൾക്ക് ഗ്രൗണ്ട് വാട്ടർ വകുപ്പിന്റെ കുഴൽ കിണറുകൾ, ഹാന്റ് പമ്പുകൾ എന്നിവ നന്നാക്കുന്നതിനും വിവിധ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ടാങ്കർ ലോറിയിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനും അനുമതി നൽകി. |
| ഇടുക്കി | വിവിധ കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനായി ലഭ്യമായ തുകയുടെ ഭരണാനുമതി നൽകി. 13 പഞ്ചായത്തുകളിൽ ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് അനുമതി നൽകുകയും വിതരണം നടന്നു വരുകയും ചെയ്യുന്നു. ജില്ലയിൽ 581 'Hand pump repairing' ന് ഭൂജല വകുപ്പിന് ഭരണാനുമതി നൽകി. ഇതിൽ 319 എണ്ണം പണി പൂർത്തീകരിച്ചു. |
| തൃശ്ശൂർ | കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ള സ്ഥലങ്ങളിൽ ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തുന്നതിനും കുളം/കിണർ എന്നിവ ശുചീകരിക്കുന്നതിനും വെള്ളം ലഭ്യമായ സ്ഥലങ്ങളിൽ |

| | | | | |
|---|---|---|---|---|
| | | | | പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രൊപ്പോസലുകളനുസരിച്ചും തുക അനുവദിച്ചു വരുന്നു. |
| | | | പാലക്കാട് | പാലക്കാട് ജില്ലയിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി വിവിധ വകുപ്പുകൾക്കായി 290 പ്രവൃത്തികൾക്കായി 6.66 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കുടിവെള്ള ക്ഷാമം രൂക്ഷമായിട്ടുള്ള ചിറ്റൂർ താലൂക്കിൽ ടാങ്കർ ലോറിയിൽ വെള്ളം വിതരണം ചെയ്തു വരുന്നു. |
| | | | മലപ്പുറം | ജില്ലയിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം മുന്നിൽ കണ്ട് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചും മറ്റും വിവിധ ഭാഗങ്ങളിൽ സ്ഥിരം തടയണകൾ നിർമ്മിക്കുന്നതിന് നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഭൂജല വകുപ്പിന്റെ കീഴിൽ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ ചെക്ക് ഡാമുകളുടെയും റഗുലേറ്റർ കം ബ്രിഡ്ജുകളുടെയും നിർമ്മാണവും പുരോഗമിച്ചു വരുന്നു. കൂടാതെ ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ പദ്ധതി പ്രകാരം ചെറിയ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റ പണികൾ, പുനരുദ്ധാരണം, പൈപ്പ് ലൈൻ നീട്ടൽ എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി വരുന്നു. തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ചെറിയ തോടുകളിൽ അടക്കം പരമാവധി തടയണകളും മഴക്കുഴികളും വി.സി.ബി പുനരുദ്ധാരണ പ്രവർത്തനങ്ങളും തയ്യാറാക്കി ബ്ലോക്ക് പ്രോഗ്രാം ഓഫീസർ മുഖേന ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എത്ര കോടി രൂപ ചെലവഴിച്ചാണ് മുൻകരുതൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഇ) | സംസ്ഥാനം വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിനു ശേഷം വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നേരത്തെ അനുവദിച്ചിരുന്ന 34.30 കോടിയുൾപ്പെടെ 85 കോടി രൂപ (എൺപത്തിയഞ്ചു കോടി രൂപ മാത്രം) എല്ലാ ജില്ലാ കളക്ടർക്കുമായി അനുവദിച്ചിട്ടുണ്ട്. | |

സെക്ഷൻ ഓഫീസർ